# ചാസ്സ്

## (CHANGANACHERRY SOCIAL SERVICE SOCIETY)

**ചാസ്സിൽനിന്നും ആശംസകൾ**

**കേരള പിറവിയും നവോത്ഥാനവും**

1956 നവംബർ ഒന്നിനാണ് ഭാഷയുടെ അടിസ്ഥാനത്തിൽ രൂപീകൃതമായ കേരള സംസ്ഥാനം നിലവിൽ വന്നത്. സംസ്ഥാനാടിസ്ഥാനത്തിൽ ചിന്തിക്കുമ്പോൾ കേരളത്തിന്റെ സാമൂഹിക വ്യവസ്ഥിതിയിലും ജീവിതാവസ്ഥയിലുമുണ്ടായ മാറ്റം വളരെ വലുതാണ്. ഇത്തരത്തിലുള്ള മാറ്റങ്ങൾ സർക്കാരിന്റെ നിയമപരമായ ഇടപെടലുകൾക്കൊപ്പം സൊസൈറ്റി രജിസ്ട്രേഷൻ ആക്ടിന്റെ കീഴിൽ രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന സൊസൈറ്റികളുടെയും കലാസാംസ്കാരിക പ്രവർത്തനങ്ങൾ നടത്തുന്ന പ്രസ്ഥാനങ്ങളുടെയും വിവിധ കൂട്ടായ്മകളുടെയും ഇടപെടലുകളും പല മാറ്റങ്ങൾക്കും കാരണമായി. സർക്കാരിന് നേരിട്ട് പ്രവർത്തിക്കാൻ പരിമിതികളുള്ള മേഖലകളിൽ സാമൂഹികസുരക്ഷയും മെച്ചപ്പെട്ട ആരോഗ്യവും വിദ്യാഭ്യാസരംഗത്ത് ഉണ്ടാകുന്ന മാറ്റങ്ങളും അടിസ്ഥാനസൗകര്യങ്ങളും ഉൾപ്പെടെ ഒട്ടനവധി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാനും സാമൂഹ്യനീതി ഉറപ്പാക്കുവാനും ചാസ് ഉൾപ്പെടെയുള്ള സൊസൈറ്റികൾക്ക് കഴിഞ്ഞിട്ടുണ്ട്.

ആരോഗ്യമേഖലയിലും വിദ്യാഭ്യാസരംഗത്തുമൊക്കെ കേരളം മുന്നിലാണെങ്കിലും നമ്മുടെ ആളുകൾ ഉന്നതവിദ്യാഭ്യാസത്തിനും ഉയർന്ന ജീവിതനിലവാരം ഉറപ്പാക്കുന്നതിനും വിദേശ രാജ്യങ്ങളിലേയ്ക്ക് കുടിയേറുന്നത് കേരളത്തിന്റെ മാത്രമല്ല ഇന്ത്യയുടെ തന്നെ നിലനിൽപ്പിനെ ദോഷമായി ബാധിക്കുന്ന ഒന്നാണ്. യുവത്വത്തെ പിടിച്ചുനിർത്താൻ കഴിയാത്ത ഈ സാഹചര്യം മറികടക്കാൻ ഒട്ടേറെ പദ്ധതികൾ ആവിഷ്ക്കരിക്കുന്നുണ്ടെങ്കിലും കാലത്തിനനുസരിച്ചുള്ള ഒരു മാറ്റം കേരളത്തിൽ ഉണ്ടാകുന്നില്ല എന്നതാണ് സത്യം. നിർദ്ധനരായ കുടുംബങ്ങളെ സ്വയംപര്യാപ്തതയിലെത്തിക്കുവാൻ ചാസിന്റെ നേതൃത്വത്തിൽ 1968 ൽ തുടങ്ങിയ സേവ് എ ഫാമിലി, കെയർ എ ഫാമിലി തുടങ്ങിയ പദ്ധതികൾ ജനങ്ങൾക്ക് എന്നും കൈത്താങ്ങാണ്. മാത്രമല്ല ചാസിന്റെ വിവിധ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾവഴിയും, കെ.എസ്.ബി.സി.ഡി.സി.യുടെ സഹകരണത്തോടെയും, ഭിന്നശേഷിക്കാരായ ആളുകൾക്ക് റിഹാസ്വിസ് വഴിയും വിതരണം ചെയ്യുന്ന വായ്പകൾ നിർദ്ധനരായ ആളുകൾക്ക് സ്വയം തൊഴിൽ ചെയ്ത് സാമ്പത്തിക ഉന്നമനം നേടുവാനും സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും സ്ത്രീശാക്തീകരണത്തിനും വഴിയൊരുക്കുന്നു. സർക്കാർ കൊണ്ടുവന്ന ഒട്ടനവധി പദ്ധതികളും പ്രവർത്തനങ്ങളും കാലത്തിന് മുമ്പേ ചാസ് നടപ്പാക്കിയതാണ്. പ്രായഭേദമന്യേ എല്ലാവർക്കും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സ്വയം തൊഴിലിന് സാമ്പത്തിക സഹായം ചെയ്യുന്നതിനും ചാസ് എക്കാലത്തും മുൻപന്തിയിലുണ്ട്.

കാലത്തിനനുസരിച്ച് മാറേണ്ടത് നമ്മളാണ്. നമ്മുടെ നാടിന്റെ വളർച്ചയ്ക്ക് നൂതന പദ്ധതികളും പരിപാടികളും ആസൂത്രണം ചെയ്ത് കേരളത്തിൽ വിക

സനത്തിനുള്ള വഴിയൊരുക്കണം. ജോലിസാധ്യതകൾ വർദ്ധിപ്പിക്കണം ഇതിനായി വിവിധ സാമൂഹിക സേവന വിഭാഗങ്ങൾ മുന്നിട്ടിറങ്ങണം. ഇന്ത്യയുടെ ഭാവി യുവാക്കളിലാണ് നിലകൊള്ളുന്നത്. ഈ കേരളപ്പിറവിദിനം മുതൽ കാലത്തിനനുസരിച്ചുള്ള മാറ്റമാകട്ടെ കേരളത്തിൽ ഉണ്ടാകേണ്ടത്.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. ജോർജ് പനക്കേഴം**
**ഫാ. ജോർജ് തൈച്ചേരിൽ**
**ഫാ. ജോസഫ് ചോരേട്ട്ചാമക്കാല**
**ഫാ. വർഗീസ് നമ്പിമഠം**
*(അസ്സിസ്റ്റന്റ് ഡയറക്ടേഴ്സ്)*

**ഫാ. തോമസ് കുളത്തുങ്കൽ**
*(ഡയറക്ടർ)*

**ഗ്രിഗറി ഓണംകുളം അച്ചന് ചാസ് കുടുംബത്തിന്റെ പ്രണാമം**

ചങ്ങനാശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റിയെ പതിനാല് വർഷക്കാലം (1993-2008) നയിച്ച ഗ്രിഗറി ഓണംകുളം അച്ചന് ചാസ് കുടുംബത്തിന്റെ പ്രാർത്ഥനാഞ്ജലികൾ. ചാസിന്റെ പ്രവർത്തനങ്ങൾക്ക് ഊടും പാവും നൽകിയ കാരുണ്യത്തിന്റെ മുഖം. ഇടവകകൾ കേന്ദ്രീകരിച്ച് ചാസ് യൂണിറ്റ്, ക്രെഡിറ്റ് യൂണിയൻ, സ്വാശ്രയസംഘം, മൈക്രോ ഇൻഷുറൻസ്, ഭിന്നശേഷിക്കാരുടെ പുനരധിവാസം, കാർഷിക മേഖലയുടെ ഉന്നമനം, പരിസ്ഥിതിസൗഹാർദപ്രവർത്തനം, മണ്ണ്-ജലസംരക്ഷണം, നീർത്തടം പദ്ധതി, സ്വയംതൊഴിൽ പരിശീലനം, ഭവനനിർമ്മാണം, ശൗചാലയനിർമ്മാണം, വിദ്യാഭ്യാസ സഹായപദ്ധതി തുടങ്ങി ചാസിനെ ഒരു ജനകീയ പ്രസ്ഥാനമാക്കി മാറ്റിയ ബഹു. ഗ്രിഗറി ഓണംകുളം അച്ചന്റെ എല്ലാ സാമൂഹ്യ സേവനപ്രവർത്തനങ്ങൾക്കും ഹൃദയം നിറഞ്ഞ നന്ദി...

## കേന്ദ്രവാർത്തകൾ

### ഗാന്ധിജയന്തി ദിനാചരണം

സ്വച്ഛത ഹി സേവ കാമ്പയിന്റെ ഭാഗമായി സ്വച്ച് ഭാരത് ദിവസ് ദിനാചരണം സ്റ്റേറ്റ് ലെവൽ കോഡിനേറ്റിംഗ് ഏജൻസി കേരള, ചങ്ങനാശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ഗാന്ധിജയന്തിദിനത്തിൽ പുഷ്പാർച്ചനയും ശുചീകരണ പ്രവർത്തനങ്ങളും നടത്തി. ചാസ് അസി. ഡയറക്ടർമാരായ ഫാ. ജോർജ് പനക്കേഴം ഉദ്ഘാടനം നിർവഹിച്ചു. ഫാ. വർഗീസ് നമ്പീമഠം, ഫാ. ജോർജ് തൈച്ചേരിൽ എന്നിവർ ആശംസയർപ്പിച്ചു. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ സിസ്റ്റർ ആൽഫി ഡി.എസ്.ജെ. ഫലവൃക്ഷത്തൈയുടെ വിതരണോദ്ഘാടം നടത്തി. ചാസ് ടീം ലീഡർ ബാബു ജോസഫ്, എസ്.എൽ.സി.എ. ഫീൽഡ് ഓഫീസർ അമൽ മത്തായി, ഖാദി മാനേജർ ജോൺ സക്കറിയ, സ്റ്റാഫ് അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

### മാർ മാത്യു കാവുകാട്ട് പിതാവിന്റെ ഓർമദിനം ആചരിച്ചു

ചങ്ങനാശ്ശേരി അതിരൂപതയുടെ പ്രഥമ മെത്രാപ്പോലീത്തായും ചാസ് സ്ഥാ

പകനുമായ മാർ മാത്യു കാവുകാട്ട് പിതാവിന്റെ 55–ാം ചരമദിനത്തോടനുബന്ധിച്ച് ഒക്ടോബർ 9ന് ചാസ് അങ്കണത്തിൽ നിന്നും കത്തീഡ്രൽ പള്ളിയിലെ പിതാവിന്റെ കബറിടത്തിലേയ്ക്ക് ജപമാല പ്രയാണം നടത്തുകയും ഒപ്പീസ് ചൊല്ലി പ്രാർഥിക്കുകയും ചെയ്തു. അസി. ഡയറക്ടർ ഫാ. ജോർജ് തൈച്ചേരിൽ നേതൃത്വം നൽകി.

**ബാങ്ക് ലോൺ**

ചാസിന്റെ വിവിധ യൂണിറ്റുകളിൽ പ്രവർത്തിക്കുന്ന 5 ജെ.എൽ.ജി. കളിലെ അംഗങ്ങൾക്ക് സ്വയംതൊഴിൽ സംരംഭം ഏറ്റെടുത്ത് നടത്തുന്നതിനും കാർഷിക ആവശ്യങ്ങൾക്കുമായി ബാങ്ക് ഓഫ് ഇന്ത്യയിൽ നിന്നും 17,00,000 ലക്ഷം രൂപ ലോൺ ലഭ്യമാക്കി.

| *തീയതി* | *എസ്.എച്ച്.ജി.* | *ജെ.എൽ.ജി.* | *യൂണിറ്റ്* | *തുക* |
|---|---|---|---|---|
| 07.10.2024 | സെന്റ് മാർക്ക് | ഒരുമ | കൊടിനാട്ടുകുന്ന് | 4,00,000 |
| 07.10.2024 | സെന്റ് മാർക്ക് | ഐശ്വര്യ | കൊടിനാട്ടുകുന്ന് | 4,00,000 |
| 07.10.2024 | ജ്വാല | മരിയൻ | പൊടിപ്പാറ | 3,00,000 |
| 14.10.2024 | ദീപ്തി | ദീപം | ഫാത്തിമാപുരം | 3,00,000 |
| 16.10.2024 | സെന്റ് ആന്റണീസ് | മരിയ | കിളിരൂർ | 3,00,000 |

**സ്വാശ്രയസംഘരൂപീകരണം**

| *തീയതി* | *യൂണിറ്റ്* | *സംഘം* | *അംഗങ്ങൾ* |
|---|---|---|---|
| 04.09.2024 | മണിമല ഓൾഡ് | ജ്യോതിസ് | 10 |
| 27.09.2024 | മണ്ണാർകുന്ന് | സ്നേഹ | 11 |
| 01.10.2024 | കുറുമ്പനാടം | ഐശ്വര്യ | 20 |

## സാമൂഹ്യസുരക്ഷാസഹായപദ്ധതി

**1. എസ്.എച്ച്.ജി. മരണാനന്തരസഹായം** (ഒരു കുടുംബത്തിന് 20,000 രൂപ വീതം 5 കുടുംബങ്ങൾക്ക് 1,00,000 രൂപ അനുവദിച്ചു)

| | *പേര്* | *സംഘം* | *യൂണിറ്റ്* | *മേഖല* |
|---|---|---|---|---|
| 687. | ബിനു ഇ.യു. | സൗഭാഗ്യ | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| 688. | ജെസിമോൾ | സ്നേഹദീപം | നർബോനപുരം | ചമ്പക്കുളം |
| 689. | അന്നമ്മ തോമസ് | വികാസ് | തെള്ളകം | അതിരമ്പുഴ |
| 690. | ജൈജോ ജേക്കബ് | നവധാര | മുട്ടാർ ഓൾഡ് | എടത്വാ |
| 691. | ആന്റണി മാത്യു | മുട്ടാർ അസോസിയേറ്റ്സ് | മുട്ടാർ ഓൾഡ് | എടത്വാ |

**2. മ്യൂച്വൽ ബനഫിറ്റ് സ്കീം (എം.ബി.എസ്.)** ഒരു കുടുംബത്തിന് 10,000 രൂപ വീതം 18 കുടുംബങ്ങൾക്ക് 1,80,000 രൂപ മരണാനന്തര സഹായം അനുവദിച്ചു.

| *പേര്* | *യൂണിറ്റ്* | *മേഖല* |
|---|---|---|
| 1133. ലീലാമ്മ സെബാസ്റ്റ്യൻ, കല്ലുവെട്ടുകുഴി | വെട്ടിമുകൾ | അതിരമ്പുഴ |
| 1134. പി.ജെ. മിഖായേൽ, പായിക്കാട് | പുന്നമട | ആലപ്പുഴ |

| | | |
|---|---|---|
| 1135. ജെസിമോൾ, നാൽപ്പതിൽചിറ | നർബോനപുരം | ചമ്പക്കുളം |
| 1136. ബിന്നി ജോസ്, കൊല്ലംപറമ്പിൽ | കൂത്രപ്പള്ളി | നെടുംകുന്നം |
| 1137. അച്ചൻകുഞ്ഞ്, പാലാത്ര | പള്ളാത്തുരുത്തി | ആലപ്പുഴ |
| 1138. കെ.വി. കുര്യൻ കണ്ണോമ്പാടം | നാൽപ്പാത്തിമല | അതിരമ്പുഴ |
| 1139. നബീസ അഷ്റഫ്, മൂപ്പർവീട് | ഇത്തിത്താനം | തുരുത്തി |
| 1140. ജയന്തി സെൽവം, പുന്നക്കാലായിൽ | അമ്പൂരി | അമ്പൂരി |
| 1141. ത്രേസ്യാമ്മ വർഗീസ്, മേലകുന്ന് | കൂത്രപ്പള്ളി | നെടുംകുന്നം |
| 1142. സുധ ഷാജി, പൊയ്കയിൽ | കൂത്രപ്പള്ളി | നെടുംകുന്നം |
| 1143. ജൈജോ ജേക്കബ്, സ്രാമ്പിക്കൽ | മുട്ടാർ ഓൾഡ് | എടത്വാ |
| 1144. ആന്റണി മാത്യു, കളരിപ്പറമ്പിൽ | മുട്ടാർ ഓൾഡ് | എടത്വാ |
| 1145. മേരിക്കുട്ടി തോമസ്, തുണ്ടിയിൽ | കിടങ്ങറ | ചങ്ങനാശ്ശേരി |
| 1146. ഏലിക്കുട്ടി ജോൺ, ആഞ്ഞിലിപ്പറമ്പിൽ | കുമരകംവടക്കുംകര | കുടമാളൂർ |
| 1147. മേരി മാത്യു, ഇരുപ്പയിൽ | ഏറ്റുമാനൂർ | അതിരമ്പുഴ |
| 1148. ഗ്രേയ്സി ജോൺ, പട്ടാറമംഗലത്ത് | മുഹമ്മ | ആലപ്പുഴ |
| 1149. റ്റി.സി. വർഗീസ്, മൂപ്പശ്ശേരി | മുഹമ്മ | ആലപ്പുഴ |
| 1150. ജെയ്നമ്മ, ആനക്കാരുപറമ്പിൽ | കലവൂർ | ആലപ്പുഴ |

## മേഖലാവാർത്തകൾ

### ആലപ്പുഴ

**കുങ്ഫു & യോഗ പരിശീലനം:** പുന്നമട യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഒക്ടോബർ 13ന് കുങ്ഫു & യോഗ പരിശീലന ക്ലാസ് ആരംഭിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. ലിബിൻ ജേക്കബ് പുത്തൻപറമ്പിൽ അദ്ധ്യക്ഷതവഹിച്ച യോഗത്തിൽ കുങ്ഫു മാസ്റ്റർ ആർ.എൽ. വിജയൻ ഉദ്ഘാടനം നിർവഹിച്ചു. ജോളി ജോസഫ് പറുശ്ശേരി, ജോഷി ജോർജ് നെടിയാപറമ്പിൽ, മാത്യു വി. എസ്. കുരിശിങ്കൽ എന്നിവർ നേതൃത്വം നൽകി.

**പച്ചക്കറിവിത്തും-തൈകളും വിതരണം ചെയ്തു:** പുന്നമട യൂണിറ്റിൽ നടപ്പിലാക്കിവരുന്ന 'ഹരിതാഭം' പദ്ധതിയുടെ ഭാഗമായി ഒക്ടോബർ 13ന് പച്ചക്കറിവിത്തും തൈകളും വിതരണം ചെയ്തു. ഫാ. അഭിലാഷ് പുത്തൻ പറമ്പിൽ ഉദ്ഘാടനം നിർവഹിച്ചു. ആദ്യഘട്ടമായി 9 ഇനം പച്ചക്കറികളാണ് കൃഷി ചെയ്യുന്നത്. യൂണിറ്റ് പ്രസിഡന്റ് ജോളി ജോസഫ് പറുശ്ശേരി, സെക്രട്ടറി ജോഷി ജോർജ് നെടിയാപറമ്പിൽ, ഹരിതാഭം പ്രോജക്ട് കോഡിനേറ്റർ പി.ജെ. ചെറിയാൻ കണ്ടത്തിൽ, വൈസ് പ്രസിഡന്റ് ജിജി തോമസ് മഠത്തിൽപറമ്പിൽ എന്നിവർ നേതൃത്വം നൽകി. ഇടവകയിൽ നിന്നും കൃഷി ചെയ്യാൻ തെരഞ്ഞെടുത്ത 100 കുടുംബങ്ങൾ വഴിയാണ് പദ്ധതി നടപ്പിലാക്കുന്നത്.

### ചങ്ങനാശ്ശേരി

**ചാസ് സ്വാശ്രയ വിപണി ഉൽപ്പന്നങ്ങളുടെ പ്രദർശനവും വിപണനവും:** ചങ്ങനാശ്ശേരി കത്തീഡ്രൽ യൂണിറ്റിൽ മാർ മാത്യു കാവുകാട്ട് പിതാവിന്റെ

ഓർമദിനത്തോടനുബന്ധിച്ച് കത്തീഡ്രൽ മൈതാനിയിൽ ഒക്ടോബർ 9ന് ചാസ് സ്വാശ്രയവിപണി ഉൽപ്പന്നങ്ങളുടെ പ്രദർശനവും വിപണനവും നടത്തി. മേഖല കോഡിനേറ്റർമാരായ ടോം സി. തയ്യിൽ, സിജി ബിജുമോൻ എന്നിവർ നേതൃത്വം നൽകി.

### എടത്വാ

**ചാസ് സ്വാശ്രയ വിപണി ഉൽപ്പന്നങ്ങളുടെ പ്രദർശനവും വിപണനവും:** മുട്ടാർ ഓൾഡ് സെന്റ് ജോർജ് ഹയർ സെക്കൻഡറി സ്കൂളിന്റെ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് ഒക്ടോബർ 12ന് ചാസ് സ്വാശ്രയവിപണി ഉൽപ്പന്നങ്ങളുടെ വിപണനവും പ്രദർശനവും സംഘടിപ്പിച്ചു. ആശാകിരണം കാൻസർസുരക്ഷാ പദ്ധതിയുടെ ഭാഗമായി ലിവ് ഫ്രീ കോട്ടൺ സാനിട്ടറി പാഡിന്റെ ഉപയോഗത്തെക്കുറിച്ച് മേഖലാ കോഡിനേറ്റർ ആൻസി ലോനിച്ചൻ ബോധവത്ക്കണം നൽകി.

### കോട്ടയം

**നേതൃത്വ സംഗമം:** പങ്ങട യൂണിറ്റിൽ സെപ്റ്റംബർ 22ന് നേതൃത്വസംഗമം സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. ബെന്നി കുഴിയടിയുടെ അദ്ധ്യക്ഷതയിൽ ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ഉദ്ഘാടനം നിർവഹിച്ചു. യൂണിറ്റ് ശാക്തീകരണത്തിന്റെ ഭാഗമായി മൈക്രോക്രെഡിറ്റ് പ്രോഗ്രാമിൽ പുതിയ അംഗങ്ങളെ ചേർക്കുന്നതിന് അംഗത്വഫോം വിതരണംചെയ്തു. ഭാരവാഹികളായ പി.വി. ഫിലിപ്പ് ഐക്കര, സോജൻ തോമസ് ചക്കാനികുന്നേൽ, കെ.കെ. തോമസ് കുന്നത്ത്, മേഖലാ കോഡിനേറ്റർ ടോം സി. തയ്യിൽ എന്നിവർ പ്രസംഗിച്ചു.

### കുടമാളൂർ

**കാർഷിക സെമിനാർ:** ആർപ്പൂക്കര ഹരിത ഫാർമേഴ്സ് ക്ലബിന്റെ ആഭിമുഖ്യത്തിൽ ആർപ്പൂക്കര യൂണിറ്റിൽ സെപ്റ്റംബർ 22ന് കാർഷിക സെമിനാർ സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. ലൂയിസ് വെള്ളാനിക്കൽ സെമിനാർ ഉദ്ഘാടനം ചെയ്തു. ആർപ്പൂക്കര വെറ്റിനറി സർജൻ ഡോ. ബിന്ദു രാജ് ആർ., കൃഷി ഓഫീസർ ശിഖ രാജു എന്നിവർ ക്ലാസ് നയിച്ചു. പഞ്ചായത്ത് മെമ്പർമാരായ വിഷ്ണു വിജയൻ, ഓമന സണ്ണി, മേഖലാ കോഡിനേറ്റർ ടോം സി. തയ്യിൽ, ഭാരവാഹികളായ അഡ്വ. മാത്യു ചാത്തമാലി, ബെന്നിച്ചൻ പനയ്ക്കൽ, ജോർജ്കുട്ടി തോട്ടിൽ എന്നിവർ പ്രസംഗിച്ചു.

### കുറുമ്പനാടം

**ബോധവത്ക്കണം:** കുറുമ്പനാടം യൂണിറ്റിൽ സ്വാശ്രയസംഘങ്ങൾ രൂപീകരിക്കുന്നതിന്റെ ഭാഗമായി സെപ്റ്റംബർ 24ന് ബോധവത്കരണക്ലാസ് സംഘടിപ്പിച്ചു. യൂണിറ്റ് സെക്രട്ടറി പ്രസാദ് കളരിമുറി നേതൃത്വം നൽകി. മേഖലാ കോഡിനേറ്റർ സിജി ബിജുമോൻ ക്ലാസ് നയിച്ചു.

മാന്നില യൂണിറ്റിൽ 'സ്നേഹദീപം, അൽഫോൻസ, അനുഗ്രഹ' എന്നീ സ്വാശ്രയസംഘങ്ങൾക്കു സ്വയംതൊഴിൽ സംരംഭം ആരംഭിക്കുന്നതിനു സെപ്റ്റംബർ 26ന് മേഖലാ കോഡിനേറ്റർ സിജി ബിജുമോന്റെ നേതൃത്വത്തിൽ ബോ

ധവത്കരണ ക്ലാസ് സംഘടിപ്പിച്ചു.

### നെടുങ്കുന്നം

**സൗജന്യ മെഡിക്കൽ ക്യാമ്പ്:** നെടുങ്കുന്നം യൂണിറ്റിന്റെയും പഞ്ചായത്തിന്റെയും കളമശ്ശേരി രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസിന്റെയും സംയുക്താഭിമുഖ്യത്തിൽ തിരുവല്ല പുഷ്പഗിരി ആശുപത്രിയുടെ സഹകരണത്തോടെ നെടുങ്കുന്നം പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ ഒക്ടോബർ 15ന് സൗജന്യ മെഡിക്കൽക്യാമ്പ് സംഘടിപ്പിച്ചു. പഞ്ചായത്ത് പ്രസിഡന്റ് ബീന സി.ജെ. ഉദ്ഘാടനം നിർവഹിച്ചു. വൈസ് പ്രസിഡന്റ് രവി വി. സോമൻ അധ്യക്ഷതവഹിച്ചു. ചാസ് അസി. ഡയറക്ടർ ഫാ. ജോർജ് തൈച്ചേരിൽ മുഖ്യപ്രഭാഷണം നടത്തി. ചാസ് പ്രോജക്ട് ഓഫീസർ ഡെൽന ബിൻസൺ, പ്രോജക്ട് കോഡിനേറ്റർ ഷീബ സന്തോഷ്, എസ്.എൽ.സി.എ. ഫീൽഡ് ഓഫീസർ അമൽ മത്തായി എന്നിവർ നേതൃത്വം നൽകി. ജനറൽ മെഡിസിൻ, ഓങ്കോളജി, പൾമനോളജി, ഡെന്റൽ എന്നീ വിഭാഗങ്ങളുടെ സേവനം ലഭ്യമാക്കി. കാൻസർ സ്ക്രീനിംങ്, രക്തഗ്രൂപ്പ് നിർണയം, രക്തദാനം എന്നിവ ക്യാമ്പിൽ സംഘടിപ്പിച്ചു.

### പുളിങ്കുന്ന്

**യൂണിറ്റ് വാർഷികവും ലഹരിവിരുദ്ധ സെമിനാറും:** കാവാലം സെന്റ് തെരേസാസ് യൂണിറ്റ് വാർഷികവും ലഹരിവിരുദ്ധ സെമിനാറും സെപ്റ്റംബർ 26ന് സെന്റ് തെരേസാസ് പാരിഷ്ഹാളിൽ സംഘടിപ്പിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ഉദ്ഘാടനം നിർവഹിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. ജോസഫ് പുതുവീട്ടിൽ അദ്ധ്യക്ഷതവഹിച്ചു. സെക്രട്ടറി പ്രവർത്തന റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. തുടർന്ന് എസ്.എൽ.സി.എ. ഫീൽഡ് ഓഫീസർ അമൽ മത്തായി ലഹരിവിരുദ്ധ സെമിനാർ നയിച്ചു.

### തുരുത്തി

**മുഖാഭിമുഖം:** പയറ്റുപാക്ക ഹോളി ഫാമിലി ഇടവകയിൽ യൂണിറ്റ് രൂപീകരണത്തിന്റെ ഭാഗമായി സെപ്റ്റംബർ 29ന് ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ഇടവകാംഗങ്ങളുമായി മുഖാഭിമുഖം ചർച്ച നടത്തി ചാസിന്റെ എല്ലാ പ്രവർത്തനങ്ങളെയും കുറിച്ച് വിശദീകരിച്ചു. ഇടവക വികാരി ഫാ. റോജി വല്ലയിൽ സന്നിഹിതനായിരുന്നു.

**യൂണിറ്റ് രൂപീകരണം:** പയറ്റുപാക്ക ഇടവകയിൽ വികാരി ഫാ. റോജി വല്ലയിലിന്റെ നേതൃത്വത്തിൽ ഒക്ടോബർ 6ന് ചാസ് യൂണിറ്റ് രൂപീകരിച്ച് എക്സിക്യൂട്ടിവ് സമിതിയെ തെരഞ്ഞെടുത്തു.

**ബോധവത്ക്കണം:** പയറ്റുപാക്ക യൂണിറ്റിൽ സ്വാശ്രയസംഘങ്ങൾ രൂപീകരിക്കുന്നതിന്റെ ഭാഗമായി ഒക്ടോബർ 8ന് സംഘത്തിന്റെ പ്രവർത്തനം, റിപ്പോർട്ട്, കണക്ക് എന്നിവ കൈകാര്യം ചെയ്യുന്ന രീതി, സംഘത്തിന്റെ പ്രവർത്തനലക്ഷ്യങ്ങൾ, ചാസ് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ എന്നിവയെക്കുറിച്ച് മേഖലാ കോഡിനേറ്റർ സിജി ബിജുമോൻ ബോധവത്കരണം നൽകി.

## തൃക്കൊടിത്താനം

**സ്വാശ്രയസംഘസംഗമം:** ഫാത്തിമാപുരം യൂണിറ്റിൽ ഒക്ടോബർ 18ന് ഫാത്തിമമാതാ പാരിഷ് ഹാളിൽ സ്വാശ്രയസംഘസംഗമം സംഘടിപ്പിച്ചു. സോഷ്യൽ വർക്ക് വിദ്യാർത്ഥി ആൽബിൻ ജെയ്സൻ 'ആശാകിരണം' കാൻസർ സുരക്ഷാ പദ്ധതിയെക്കുറിച്ച് ക്ലാസ് നയിച്ചു. 60 അംഗങ്ങൾ പങ്കെടുത്തു. മേഖലാ കോഡിനേറ്റർ സജി ഷാജി നേതൃത്വം നൽകി.

## എസ്.എൽ.സി.എ.-കേരള

### ലഹരിവിരുദ്ധ ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിച്ചു

സ്റ്റേറ്റ് ലെവൽ കോഡിനേറ്റിംങ് ഏജൻസി, ചങ്ങനാശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ വിവിധ സ്ഥലങ്ങളിൽ ലഹരിവിരുദ്ധ ബോധവത്കരണ ക്ലാസ്, എക്സിബിഷൻ, സൗജന്യ കൗൺസിലിങ് എന്നിവ സംഘടിപ്പിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, അസി. ഡയറക്ടറും എസ്.എൽ.സി.എ. കോഡിനേറ്ററുമായ ഫാ. ജോസഫ് ചോരേട്ട്ചാമക്കാല, അസി. ഡയറക്ടർ ഫാ. ജോർജ് തൈച്ചേരിൽ, സമൃദ്ധ ഇൻചാർജ് സിസ്റ്റർ ജെസീന എസ്.ആർ.എ., ഫീൽഡ് ഓഫീസർ അമൽ മത്തായി, സമൃദ്ധ കെയർ സെന്റർ ഫോർ ചിൽഡ്രൻ കൗൺസിലർമാരായ അലീഷ സനീഷ്, ജെറിൻ ബാബു, മിൻസി എം. തോമസ് എന്നിവരും സോഷ്യൽ വർക്ക് വിദ്യാർത്ഥികളും ക്ലാസിന് നേതൃത്വം നൽകി.

| തീയതി | സംഘടിപ്പിച്ച സ്ഥലം |
|---|---|
| 26.09.2024 | സെന്റ് തേരേസാസ് യൂണിറ്റ്, കാവാലം |
| 30.09.2024 | സെന്റ് തേരേസാസ് ഹയർ സെക്കൻഡറി സ്കൂൾ, വാഴപ്പള്ളി |
| 01.10.2024 | സെന്റ് ഗ്രിഗോറിയസ് യൂണിറ്റ്, കിടങ്ങറ |
| 01.10.2024 | സെന്റ് തേരേസാസ് ഹയർ സെക്കൻഡറി സ്കൂൾ, വാഴപ്പള്ളി (പി.റ്റി.എ.) |
| 04.10.2024 | സെന്റ് ബെർക്കുമെൻസ്, ഹയർ സെക്കൻഡറി സ്കൂൾ, ചങ്ങനാശ്ശേരി |
| 12.10.2024 | സെന്റ് ജോർജ് ഹയർ സെക്കൻഡറി സ്കൂൾ, മുട്ടാർ |